# ജോർജ്ജിയൻ
# GEORGIAN VOICE വോയ്സ്

ലക്കം 4 നവംബർ 2012 പുസ്തകം 11



യൂത്ത് അസോസിയേഷൻ പ്രസിദ്ധീകരണം
സെന്റ് ജോർജ്ജ് യാക്കോബായ സിറിയൻ കത്തീഡ്രൽ
കരിങ്ങാച്ചിറ

# ജന്മദിനാശംസകൾ



2012 നവംബർ 10 ന് 53-ാം ജന്മദിനം ആഘോഷിക്കുന്ന പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറിയും കൊച്ചി ഭദ്രാസന മെത്രാപ്പോലീത്തയുമായ അഭിവന്ദ്യ ജോസഫ് മോർ ഗ്രീഗോറിയോസ് തിരുമനസ്സിന് ജന്മദിനാശംസകൾ നേരുന്നു.

## നമ്മുടെ കത്തീഡ്രലിൽ ഒക്ടോബർ 24 ന് വിദ്യാരംഭം കുറിച്ചപ്പോൾ





# ജോർജ്ജിയൻ വോയ്സ്


**എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ**

ചെയർമാൻ

റവ. ഫാ. ഷമ്മി ജോൺ എരമംഗലം

വൈസ് ചെയർമെൻ

റവ. ഫാ. റോയ്പോൾ വെട്ടിക്കാട്ടിൽ

റവ. ഫാ. വർഗീസ് പുലയത്ത്

ഉപദേശക സമിതി

റവ. ഫാ. വർഗീസ് പുലയത്ത്

റവ. ഫാ. സഖറിയ ഓണേരിൽ

മാനേജിംഗ് എഡിറ്റർ

റവ. ഫാ. സെബുപോൾ

ചീഫ് എഡിറ്റർ

വർഗീസ് രാജു

പ്രിന്റർ & പബ്ലിഷർ

ഷൈജു പി. കെ.

സബ് എഡിറ്റേഴ്സ്

രൺജി പോൾ

യൽദോ ജോർജ്ജ്

മാത്യു പോൾ


## നവംബർ 2012

## ഇതളുകൾ വിരിയുമ്പോൾ


- എഡിറ്റോറിയൽ
- മരണാനന്തരം എന്ത്
- ജീവന്റെ അപ്പം
- ചരിത്രപ്രസിദ്ധനായ പരുമലതിരുമേനി
- കണ്ണുള്ളവർ കാണട്ടെ-1
- നിങ്ങൾ ഒരു കഴുതയാണോ?
- വാർത്തകൾ
- വിജ്ഞാനകൗതുകം



ചീഫ് എഡിറ്റർ
ജോർജ്ജിയൻ വോയ്സ്
സെന്റ് ജോർജ്ജ് കത്തീഡ്രൽ
കരിങ്ങാച്ചിറ - 682 309
E-mail: georgianvoice@stgeorgecathedral.in
www.stgeorgecathedral.in



## എഡിറ്റോറിയൽ

# മരണം പട്ടിണിയിലൂടെ വരവേൽക്കുന്നവർ

ജീവിതം ആഹാരത്തിനായി ഭിക്ഷയെടുക്കുമ്പോൾ പട്ടിണി സഹചാരി ആയി മാറിയവരെ നാം ഓർത്തിട്ടുണ്ടോ. കേരളം വികസനത്തിലേക്ക് കുതിക്കുമ്പോൾ മറ്റൊരറ്റത്ത് ഒരു നേരത്തെ ആഹാരത്തിനായ് കേഴുന്നവരെ നാം കാണാറില്ല. ലോകത്ത് പട്ടിണി മൂലം ഒരാൾ മരണപ്പെടുന്നുണ്ടെങ്കിൽ അതിന് കുറ്റക്കാർ നമ്മളാണ്. ക്രിസ്തീയത ഇന്ന് പ്രചാരണത്തിൽ മാത്രം ശ്രദ്ധിക്കുന്ന കാലഘട്ടമാണ്. ഒരാൾ ക്രിസ്ത്യാനി ആയി തീരുന്നുണ്ടെങ്കിൽ അവന്റെ ആഗ്രഹം ഒന്നുമാത്രമാണ്. തന്റെ രോഗം മാറണം, പ്രതിസന്ധികൾ തരണം ചെയ്യണം, സുഖകരമായ ജീവിതം ഉണ്ടാകണം. അതുകൊണ്ട് തന്നെ ഇന്നത്തെ വചനപ്രഘോഷണങ്ങളിലെ പ്രചാരണ ബോർഡുകൾ നോക്കുക അതിൽ മനുഷ്യന്റെ ഏതെങ്കിലും പ്രതിസന്ധി ഉൾപ്പെടുത്തിയിട്ടുണ്ടാവും. എന്നാൽ ക്രിസ്തീയ ജീവിതത്തെ ക്രിസ്തു പഠിപ്പിക്കുന്നത് മറ്റൊരുത്തന് വേണ്ടി ജീവിക്കുക എന്നുള്ളതാണ്. ലോകത്തിൽ പട്ടിണി മൂലം അനേകർ മരിച്ചു വീഴുമ്പോൾ നാം ക്രിസ്തുവിന്റെ പേരിൽ ഉപവസിച്ചിട്ട് സുഭിക്ഷമായ ഭക്ഷണം കഴിക്കുന്നതല്ല ക്രിസ്തീയത.

ശത്രുക്കളെ സ്നേഹിക്കുവാൻ പഠിപ്പിച്ച ക്രിസ്തു മരിച്ചു വീഴുന്നത് തന്റെ സ്നേഹിതരും ശത്രുക്കളും ഉൾപ്പെടുന്ന ലോകത്തിനു വേണ്ടിയാണ്. തന്റെ വിരുന്നുശാലയിൽ ക്രിസ്തു ആരെയും മാറ്റി നിർത്തിയിട്ടില്ല. ധനവാനോ, ദരിദ്രനോ എന്നൊരു തരംതിരിവില്ല, എന്നാൽ ഇന്ന് ലോകം സുഖലോലുപിതമായ ജീവിതം നയിക്കുമ്പോൾ ഓർക്കുക ഇവിടെ തന്റെ സഹോദരൻ പട്ടിണിയിൽ കിടക്കുന്നു. നമ്മളെ തന്നെ ഒന്നു ഓർത്തു നോക്കൂ, സമൂഹത്തിൽ തന്റെ വലിപ്പം കാണിക്കുന്നതിന് നാം വിവാഹ സൽക്കാരങ്ങളിൽ വരുത്തിയിരിക്കുന്ന മാറ്റം ഇതിന് വലിയ ഉദാഹരണമാണ്. വിവിധ ഭക്ഷണ വിഭവങ്ങൾ ഒരുക്കി വിശാലമായ ഒരു ഭക്ഷണ മേശ അതിന് ലക്ഷങ്ങൾ ചെലവിടാൻ നാം തയ്യാറാണ്. ഒരു നേരത്തെ വയറു നിറയ്ക്കുന്നതിന് നാലു നേരത്തെ ഭക്ഷണം നൽകുവാൻ നാം ഒരുങ്ങുന്നു. അതിനേക്കാൾ ഉപരി ബാക്കി വരുന്ന ഭക്ഷണം നാം വെറുതെ കുഴിച്ചു മൂടുന്നു. അനേകരുടെ വിശപ്പ് അകറ്റുവാൻ സാധിച്ചില്ലെങ്കിലും സ്വന്തം സഹോദരൻ എവിടെ എന്ന് ചോദ്യത്തിന് നാം ദൈവസന്നിധിയിൽ ഉത്തരം നൽകേണ്ടി വരും എന്നുള്ളത് സത്യമാണ്. ധൂർത്തായി നാം വിനിയോഗിക്കുന്ന പണം, .......... നാം കാട്ടുന്ന ഉത്സാഹം ഇവയൊന്നും ക്രിസ്തീയതയിൽ ചേർന്നതല്ല. ഇവയ്ക്കൊന്നും ഈ ലോകത്തിൽ പട്ടിണിയെ അകറ്റുവാൻ സാധിക്കില്ല. പ്രതിസന്ധികളിൽ നാം തളരാതെ മുന്നേറുവാനും സഹോദരനെസ്വന്തം കണ്ണിലൂടെ കാണുവാനും നാം ഈ ലോകത്തിനു വേണ്ടി പ്രവർത്തിക്കണം. സ്വന്തം കുടുംബം, സ്വന്തം മക്കൾ ഇവയ്ക്ക് മാത്രം നാം ജീവിച്ചാൽ സ്വാർത്ഥത യിൽ മുഴുകിയ ജീവിതം ആത്മഹത്യ ചെയ്യുന്നതിന് തുല്യമാണ്. ക്രിസ്ത്യാനിയ്ക്ക് വേണ്ടത് സ്നേഹവും, സഹിക്ഷണതയുമാണ് എന്നും നാം ഓർക്കണം.

# മരണാനന്തരം എന്ത്

അഭി. മാത്യൂസ് മാർ അപ്രേം മെത്രാപ്പോലീത്ത

തുടർച്ച



**ചില വിമർശനങ്ങൾ**

പരേതരെ പ്രാർത്ഥനയിൽ അനുസ്മരിക്കുന്നത് തെറ്റാണെന്ന് ചിന്തിക്കുന്നവരുടെ ഒരു പ്രചാരണം ഓർത്തഡോക്സ് സഭാംഗങ്ങൾ മരണാനന്തര കർമ്മങ്ങൾ കൊണ്ടു മാത്രം രക്ഷിയ്ക്കപ്പെടും എന്നും ഈ ലോകത്ത് എങ്ങനെ ജീവിച്ചാലും കുഴപ്പമില്ല. മരണാനന്തരം മക്കളുടെ പ്രാർത്ഥനയും കുർബ്ബാനയും കൊണ്ട് രക്ഷപ്പെട്ടോളും എന്നും ചിന്തിക്കുന്നുവെന്നാണ്. ഇതു വസ്തുതകൾക്ക് നിരക്കാത്ത ഒരു ദുരാരോപണമാണ്. ഏതെങ്കിലും ഒരു ഓർത്തഡോക്സ് (സത്യവിശ്വാസ) ക്രിസ്ത്യാനി എങ്കിലും ഇങ്ങനെ ധരിച്ചുവെച്ചിട്ടുണ്ടെന്ന് തോന്നുന്നില്ല. ശാരീരിക വേർപാടിനു ശേഷം നല്ല ആത്മാക്കൾ സജീവദൈവീകബന്ധത്തിലുംസ ുമ്പോധത്തിലും, പാർത്ഥനാ എക്യത്തിലും തുടരുന്നു എന്നതാണ് സഭയുടെ ഉദ്ബോധനം. ശരീരത്തിലിരിക്കുമ്പോഴും പ്രാർത്ഥനവഴിയായി ആത്മീകനേട്ടവും ദൈവീക സംസർഗവും നേടുന്നത് സുകൃതം പ്രവർത്തിക്കുന്ന വ്യക്തികളാണ്. മരണത്തിനുശേഷവും ഈ അവസ്ഥ തുടരുന്നു എന്നതാണ് യാഥാർത്ഥ്യം. അല്ലാതെ അനുതാപഹൃദയമില്ലാതെയും ദൈവിക ബന്ധമില്ലാതെയും മരിക്കുന്ന ആത്മാക്കൾ മരണാനന്തരം നടക്കുന്ന ചടങ്ങുകൾ മൂലം രക്ഷിക്കപ്പെടുകയല്ല ചെയ്യുന്നത്. പരേതർക്കുവേണ്ടിയുള്ള പ്രാർത്ഥനയും വിശ്വാസികൾക്കുവേണ്ടിയാണ് ക്രമീകരിക്കപ്പെട്ടിരിക്കുന്നത്. ശരണത്താലെ നിൻ കൃപയിൽ എന്ന പ്രാർത്ഥന ശ്രദ്ധിക്കുക. ദൈവീക കൃപയുടെ ശരണത്തിൽ മരിച്ചവർക്ക് പറുദീസയിലെ ഭാഗ്യം നൽകണമേ എന്നതാണ് പരേതർക്കുവേണ്ടിയുള്ള പ്രാർത്ഥനയുടെ പ്രത്യാശ. മരണഗതി കാലിൽ തുടങ്ങി തല വരെ എത്തുന്നതിനിടയിൽ മനസ്സ് അനുതാപത്തിലേക്ക് തിരിഞ്ഞിരിക്കണം എന്ന ഉദ്ബോധനം ശവസംസ്കാര ശുശ്രൂഷയിൽ തന്നെ നൽകുന്നുണ്ട്. ഈ അനുതാപചിന്ത വന്നിട്ടുള്ള (വിശ്വാസികളായ) സഭാംഗങ്ങൾക്കുവേണ്ടിയാണ് (അവരുടെ ആത്മാക്കൾ ശരീരത്തിൽ നിന്നു വേർപെട്ടാലും) സഭാംഗങ്ങൾ പ്രാർത്ഥിക്കുന്നത്. അനുതാപികൾ ആരാണെന്നു കണ്ടെത്തുവാൻ മാനദണ്ഡം വലതുഭാഗത്തെ കള്ളന്റേതാണ്. അവൻ മരണത്തിനു തൊട്ടുമുമ്പ് മാത്രം അനുതപിച്ചെങ്കിലും പറുദീസായിൽ കർത്താവിനോടൊപ്പമുള്ള പ്രവേശനം ലഭിച്ചു. അവന്റെ അനുതാപം അറിഞ്ഞത് കർത്താവ് മാത്രമാണ്. പറുദീസാ വാഗ്ദത്തം ലഭിച്ചത് അവനും കർത്താവും മാത്രം അറിയുന്നു. ഈ വസ്തുത വിശുദ്ധ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടില്ലായിരുന്നുവെങ്കിൽ ഇരു കള്ളന്മാരും ഒരുപോലെ ശിക്ഷാർഹരെന്ന് ലോകം വിധിക്കുമായിരുന്നു. അനുതാപം ഉണ്ടാകുന്നതും പാപമോചനം ലഭിക്കുന്നതും വ്യക്തി നിഷ്ഠമായ ആത്മികാനുഭവമാണ്. ഇത് പുറത്തുനിന്നും വിലയിരുത്തി ഇന്നയാൾ അധർമ്മി എന്നോ പാപി എന്നോ മുദ്ര കുത്തുന്നത് അക്രൈസ്തവരാണ്. അതുകൊണ്ടുതന്നെ ഈ ദുരാരോപണം ക്രൈസ്തവവിരുദ്ധമാണ്. അതിനാൽ സ്നേഹ–വിശ്വാസ കൂട്ടായ്മയാകുന്ന പ്രാർത്ഥനാവലയത്തിൽ നിന്നും പരേതരായ വിശ്വാസികളെ മാറ്റി നിർത്തുന്നത് തികഞ്ഞ അജ്ഞതയും അനീതിയുമാണ്. പ്രാർത്ഥനനേടുവാനും ലഭിക്കുവാനും ഉള്ളതല്ല. പ്രാർത്ഥനഐക്യവും കൂട്ടായ്മയും അനുഭവിക്കുവാനും ദൈവീക ബന്ധത്തിലുള്ള ദൃഢീകരണവും ആണെന്നും മനസിലാക്കുമ്പോൾ പരേതരെയും അനുസ്മരിക്കുന്ന പ്രാർത്ഥനഅനിവാര്യമാണെന്ന് ബോധ്യമാകും.

സർവോപരി ഒരു ക്രിസ്ത്യാനിക്ക് മാതൃക ക്രിസ്തുവാണ്. ക്രിസ്തു മരിച്ച് ഉയിർത്തെഴുന്നേറ്റ് സജീവസംസർഗം മാതൃകയാക്കി കാണിക്കുകയും ചെയ്തതുപോലെ ഓരോ വിശ്വാസിയും ശാരീരിക മരണത്തിനുശേഷവും ആത്മാവിന്റെ ചൈതന്യാവസ്ഥ തുടരുകയാണ് ചെയ്യുന്നത്. ക്രിസ്തുവാണ് എല്ലാറ്റിനും ഓരോ വിശ്വാസിക്കും മാതൃക. ക്രിസ്തു മരിച്ച് ഉയിർത്തതുപോലെ നമ്മെ നമ്മെ ഓരോരുത്തരേയും താൻ ഉയിർത്തതുപോലെ നമ്മെ ഓരോരുത്തരേയും താൻ ഉയിർപ്പിക്കുന്നു. അവന്റെ സജീവ സംസർഗത്തിൽ നിലനിർത്തുന്നു.

അവസാനിച്ചു

# ജീവന്റെ അപ്പം

തുടർച്ച

## വി. കുർബാനവ്യാഖ്യാനം



ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പാ മൂലയിൽ

**2. ജീവന്റെ അപ്പം**

*ഞാൻ ജീവന്റെ അപ്പമാകുന്നു. ഈ അപ്പം തിന്നുന്നവരൊക്കെയും ഏന്നേക്കും ജീവിക്കും. ഞാൻ കൊടുക്കാനിരിക്കുന്ന അപ്പമോ ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ കൊടുക്കുന്ന എന്റെ മാംസമാകുന്നു* (യോഹന്നാൻ 6:51). ജീവരക്ഷാരഹസ്യമാകുന്ന തിരുശരീര രക്തങ്ങൾ എന്താകുന്നുവെന്നും അതുൾക്കൊള്ളാതെ യേശുക്രിസ്തു ആകുന്ന *ജീവൻ* ലഭിക്കുകയില്ലെന്നും കർത്താവ് അർത്ഥശങ്കയ്ക്കിടയില്ലാത്തവണ്ണം ഉറപ്പായി കല്പിച്ചിരിക്കുന്നു. ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനം കർത്താവിന്റെ ശരീരവും രക്തവും ഉൾക്കൊള്ളുന്നതിലാണെന്ന് ഇവിടെ നിസംശയം കാണുവാൻ കഴിയുന്നു. രക്ഷയുടെ രഹസ്യമായ ശരീരരക്തങ്ങൾ കാലങ്ങൾക്കും ദേശങ്ങൾക്കും അതീതമായി ലഭിക്കുവാനുള്ള മാർഗമാണ് കർത്താവ് അപ്പോസ്തോലന്മാരെ ഭരമേൽപ്പിച്ച വി. ബലിയർപ്പണം. ഇക്കാര്യങ്ങൾ ദൃഷ്ടാന്തപരമായി കല്പിച്ചതല്ലെന്നു സന്ദർഭം കൊണ്ടു ഗ്രഹിക്കുവാൻ കഴിയും. താൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന അപ്പമെന്നും തന്റെ ശരീരരക്തങ്ങൾ ഭക്ഷിക്കണമെന്നും കർത്താവ് പറഞ്ഞപ്പോൾ യഹൂദന്മാർ *പിറുപിറുക്കുകയും* അനുയായികൾ കഠിനവാക്കെന്നു പറയുകയും പലരും പിൻതിരിഞ്ഞു പോകുകയും ചെയ്തു. അപ്പോൾ വീണ്ടും ആവർത്തിച്ച് ഉറപ്പായി കർത്താവ് കല്പിക്കുന്നത് *ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു* എന്ന ദൃഢപ്പെടുത്തുന്ന വിശേഷണത്തോടുകൂടിയാണ്. അനുയായികളിൽ ചിലർ പിൻതിരിഞ്ഞു പോയപ്പോൾ *നിങ്ങൾക്കും പൊയ്ക്കൊള്ളുവാൻ മനസ്സുണ്ടോ* എന്നു ചോദിക്കുന്നു. ആരെല്ലാം പിൻതിരിഞ്ഞാലും ഈ അടിസ്ഥാനമർമ്മം മാറിക്കൂടാ എന്ന് കർത്താവ് ഇവിടെ ഉറപ്പായി കല്പിക്കുന്നു എന്നു വ്യക്തം.

പഴയനിയമത്തിൽ ആദാം മുതൽ തന്നേ വിവിധ ബലിയനുഷ്ഠാനങ്ങൾ നടത്തിയിരുന്നതായി കാണുന്നു. ഹോമയാഗം, പാപയാഗം, അകൃത്യയാഗം, പാനീയയാഗം എന്നിവയെല്ലാം ഇസ്രായേൽക്കാരുടെ വിവിധ ബലികളായിരുന്നു. (വിശദാംശങ്ങൾ ലേവ്യാ പുസ്തകം പ്രാരംഭ അധ്യായങ്ങളിൽ കാണുക) എന്നാൽ ഇവയൊക്കെയും മനുഷ്യന്റെ പാപത്തെ പൂർണ്ണമായി നീക്കിക്കളയുവാൻ കഴിയുന്നവയായിരുന്നില്ല. വരുവാനുള്ള പൂർണ്ണമായതിന്റെ നിഴലുകൾ മാത്രമായിരുന്നു അവ. *കാളകളുടെയും ആട്ടുകൊറ്റന്മാരുടെയും രക്തത്തിനു പാപങ്ങളെ നീക്കിക്കളയുവാൻ കഴിയുന്നതല്ല* (എബ്രാ. 10:4) എന്ന് ലേഖകൻ പറയുന്നു. ആയതുകൊണ്ട് പാപങ്ങളെ നീക്കിക്കളയുവാൻ കഴിയുന്ന പുതിയ നിയമബലി നിഴലായിരുന്നതു നീക്കിക്കളഞ്ഞു. (എബ്രാ. 10:9).

രക്തപങ്കിലമല്ലാത്ത പുതിയ നിയമാനുഷ്ഠാനം ലോകരക്ഷയ്ക്കും പാപപരിഹാരത്തിനും വേണ്ടിയുള്ള കാൽവറിയിലെ കഷ്ടാനുഭവമാകുന്നു. ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ മാനുഷികമായ അംശത്തോട് ദൈവീകത്വവും പകരുകയാണ് ചെയ്തത്. എന്നാൽ മനുഷ്യൻ പാപത്തിൽ നിപതിച്ചപ്പോൾ അവനിൽ സ്ഥിതി ചെയ്തിരുന്നതായ ദൈവീകമായ അംശം വേർപെട്ടുപോയി. അഥവാ ദൈവീക സംസർഗ്ഗം നഷ്ടപ്പെട്ടു. മാനുഷിക വികാരം മുന്നിട്ടു നിന്നു. നഗ്നരെന്നു തങ്ങൾക്കു തന്നെ തോന്നി – ഇപ്രകാരം ദൈവികാംശം നഷ്ടപ്പെട്ടുപോയവർക്ക് അത് വീണ്ടും നൽകുവാൻ അവരുടെ പാപം അകറ്റുകയും പാപത്തിനു പരിഹാരം നടത്തുകയും വേണ്ടി വന്നു. ഇത് ഒരു മനുഷ്യൻ നിർവ്വഹിച്ചാൽ അത് ഭാഗികമായിരിക്കും. ആയതുകൊണ്ടു വീണ്ടും മാനുഷികവും ദൈവീകവുമായ ഭാവങ്ങൾ ഉൾക്കൊള്ളുന്ന *രണ്ടാം ആദാമായി* പുത്രൻ തമ്പുരാൻ മുഷ്യാവതാരം ചെയ്തു.

(തുടരും.....)

# ചരിത്രപ്രസിദ്ധനായ പരുമലതിരുമേനി

**ഏലിയാമ്മ സിറിയക്** (മോർ കൂറിലോസ് യൂണിറ്റ്)

മോർ ഗ്രീഗോറിയോസ് തിരുമേനിയുടെ ജന്മ നാടായ മുളന്തുരുത്തിയും കർമ്മ ഭൂമിയായ പരുമ ലയും ഒരുപോലെ അനുഗ്രഹിക്കപ്പെട്ട് ലോകപ്രശ സ്തിയാർജ്ജിച്ച പ്രദേശങ്ങളാണ്. ക്രൈസ്തവരും അക്രൈസ്തവരും ഭയഭക്തി ബഹുമാനാദരവോടെ തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെടുന്നു. പരിശുദ്ധിയുടെ മാനദണ്ഡമായ, അതികഠിനമായ നോമ്പും, വൃതവും, പ്രാർത്ഥനയും അനുഷ്ഠിച്ച് ലാളിത്യം ജീവിത ചര്യയായി മാറ്റി. കർത്തൃസന്നിധിയിലേക്ക് വിളിക്കപ്പെട്ട വിശുദ്ധൻ ദൈവ തിരുമുമ്പാകെ നമുക്കുവേണ്ടി മദ്ധ്യസ്ഥത യാചിക്കുന്നു.



വിശുദ്ധ സ്ലീബാ പെരുന്നാൾ ദിവസം കരിങ്ങാച്ചിറ പള്ളിയിൽ വച്ച് കൊച്ചയ്പോരയ്ക്ക് ഗീവർഗീസ് എന്ന പേരിൽ ശെമ്മാശപട്ടം ലഭിച്ചു എന്ന ചരിത്ര സത്യം കത്തീഡ്രലിന് അഭിമാനവും ചാരിതാർത്ഥ്യവും നൽകുന്നു. സുറിയാനി ഭാഷയിലും വേദശാസ്ത്രത്തിലും വിപുലമായ അറിവ് സമ്പാദിക്കുന്നതിനായി ഗീവർഗീസ് ശെമ്മാശൻ യൂയാക്കീം മോർ കൂറിലോസ് ബാവായുടെ ശിഷ്യത്വം സ്വീകരിച്ചു. കശ്ശീശാ പട്ടവും എപ്പിസ്കോപ്പ സ്ഥാനവും അടുത്തടുത്ത മാസങ്ങളിൽ പ. ബാവ കല്പിച്ചു നൽകിയതിനെതുടർന്ന് അദ്ദേഹം പൂർണ്ണ സന്യാസ ജീവിതം നയിക്കുന്നതിനായി വെട്ടിയ്ക്കൽ കുരിശുപള്ളിയിലേക്ക് താമസം മാറ്റി. തീവ്രമായ തപശ്ചര്യയും പ്രാർത്ഥനാ ജീവിതവും അനുഷ്ഠിച്ച ഗീവർഗീസ് എപ്പിസ്കോപ്പായ്ക്ക് റമ്പാൻ സ്ഥാനം നൽകപ്പെട്ടു. സഭയുടെ വൻ പതിസന്ധിഘ ട്ടത്തിൽമ ലങ്കരയിൽഎ ഴുന്നള്ളി വന്ന പരിശുദ്ധ പത്രോസ് പാത്രിയർക്കീസ് ബാവായുടെ പ്രൈവറ്റ് സെക്രട്ടറിയായും ദ്വിഭാഷിയായും റമ്പാച്ചനെനിയോഗിച്ചു. 29 വയസ്സ് തികയുന്നതിനു മുമ്പു തന്നെ ലൗകീകമായ എല്ലാം ഉപേക്ഷിച്ച് ദൈവത്തിനായി സ്വയം സമർപ്പിച്ച അദ്ദേഹം അനുദിനം വർധിതമായ തേജസ്സോടെ സഭയിൽ ആത്മീയ കാര്യങ്ങൾ നിർവ്വഹിച്ചു വന്നു.

പ. പത്രോസ് പാത്രിയർക്കീസ് ബാവ, വടക്കൻ പറവൂർ പള്ളിയിൽ വച്ച് ഗീവർഗീസ് മോർ ഗ്രീഗോറിയോസ് എന്ന നാമത്തിൽ നിരണം ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തയായി അദ്ദേഹത്തെ വാഴിച്ചു. അക്കാലത്ത് വാഴിക്കപ്പെട്ട മെത്രാന്മാരിൽ ഏറ്റവും പ്രായം കുറഞ്ഞ ആളായതുകൊണ്ട് കൊച്ചുതിരുമേനി എന്ന് വിളിച്ചുപോന്നു.

ശെമ്മാശന്മാരെ പഠിപ്പിയ്ക്കുന്നതിനും നിരണം ഭദ്രാസനത്തിന്റെ ചുമതല വഹിയ്ക്കുന്നതിനുമായി പരുമല എന്ന സ്ഥലത്ത് പള്ളി പണിയിച്ച്, കൂദാശ നടത്തി, വി. കുർബ്ബാനഅർപ്പിച്ചു. അന്യ ജാതിക്കാർക്ക് സുവിശേഷം അറിയിച്ചുകൊടുത്തു. ക്രൈസ്തവ വിശ്വാസം സ്വീകരിച്ചവർക്ക് പ്രത്യേകം പള്ളികൾ പണിയിച്ച് കൊടുക്കുകയും പലയിടങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുകയും ചെയ്തു.

വിശുദ്ധ നാടുകൾ സന്ദർശിച്ച ശേഷം തിരുമേനി എഴുതിയ ഊർശ്ലേം യാത്രാവിവരണം എന്ന പുസ്തകം മലയാള ഭാഷയിലെ ആദ്യത്തെ യാത്രാവിവരണഗ്രന്ഥമാണ്.

ചാത്തുരുത്തി കുടുംബത്തിൽ, പരുമല തിരുമേനിയുടെ നാലാം തലമുറക്കാരൻ, അഭി. ഇടവക മെത്രാപ്പോലീത്ത ഡോ. ജോസഫ് മോർ ഗ്രീഗോറിയോസ് തിരുമേനി കൊച്ചി ഭദ്രാസനത്തിന്റെ സാരഥ്യം വഹിയ്ക്കുന്നത് ദൈവനിയോഗവും മഹാഭാഗ്യവുമാണെന്ന് സാന്ദർഭികമായി കുറിയ്ക്കട്ടെ.

പരുമലയിൽ കബറടങ്ങിയ പരിശുദ്ധനോട് കണ്ണീരോടെ അപേക്ഷിയ്ക്കുന്ന അനേകർക്ക് ആശ്വാസം ലഭിയ്ക്കുന്നു. വിശുദ്ധന്റെ മാധ്യസ്ഥം ഓർമ്മപ്പെരുന്നാളായി കൊണ്ടാടുന്നത് എന്നെന്നും അനുഗ്രഹത്തിനായി തീരണമെ. എന്ന് പ്രാർത്ഥിക്കുന്നു.

# കണ്ണുള്ളവർ കാണട്ടെ–1

സന്തോഷ് പിറവം

## സത്യസുവിശേഷം പുതിയ കണ്ടുപിടുത്തമല്ല

പൗലൊസു കുട്ടിയും മറിയക്കുഞ്ഞും യാക്കോബായ വിശ്വാസികളാണ്. എന്നാൽ കുറെ നാളായി മറിയക്കുഞ്ഞിന് ആത്മീയ കാര്യങ്ങളിൽ താല്പര്യം കൂടി വരുന്നു. എവിടെയെല്ലാം കൺവെൻഷനും, രോഗശാന്തിയും, ആരാധനയുമുണ്ടോ അവിടെയെല്ലാം മറിയക്കുഞ്ഞിന് പോകണം. ആത്മീയ കാര്യമല്ലേ? പൌലോസു കുട്ടി തടസ്സം നിൽക്കാറില്ല.

ഒരു ശനിയാഴ്ച ദിവസം, പിള്ളേർ സ്കൂളിൽ പോകുകയില്ലയെന്നതിനാൽ അല്പം താമസിച്ചാണ് എല്ലാവരും എഴുന്നേറ്റത്. ബ്രേക്ഫാസ്റ്റ് അല്പം വൈകിയാലും കുഴപ്പമില്ല.

ചായ കുടിച്ച പൌലോസുകുട്ടി കൃഷി സ്ഥലത്തേക്ക് പോകാനൊരുങ്ങുമ്പോൾ മറിയക്കുഞ്ഞിന്റെ സ്വരം; **ദേ ചേട്ടാ, ആരെക്കെയോ ഇങ്ങോട്ട് വരുന്നുണ്ട്**: ക്ലീൻ ഷേവു ചെയ്ത കറുത്ത പാന്റ്സും വെളുത്ത ഷർട്ടുമിട്ട് രണ്ടുമൂന്നു പേർ ആ വീട്ടിലേക്ക് കയറി വന്നു. **ഞങ്ങൾ നസറായനായ യേശുവിന്റെ ജീവദായകമായ സുവിശേഷവുമായി വന്നതാണ്. ചേട്ടനില്ലേ ഇവിടെ? പൌലോസുകുട്ടി മുമ്പോട്ടു ചെന്ന് ആഗതരെ സ്വീകരിച്ചു. എല്ലാവരും ഇരുന്നു.

**സഹോദരാ, നിങ്ങൾ ഇന്ന് മരിച്ചാൽ സ്വർഗ്ഗത്തിൽ പോകുമെന്ന് ഉറപ്പുണ്ടോ? ഒരാളുടെ ചോദ്യം പെട്ടെന്നായിരുന്നു. പൌലോസുകുട്ടി ഒന്ന് പരുങ്ങി. **ഞങ്ങള് ക്രിസ്ത്യാനികളാണ്. പള്ളീലൊക്കെ പോകാറുണ്ട്....**

**ഹാ! ഹാ! ഹാ! പള്ളിയോ, പട്ടക്കാരോ, കുമ്പസാരമോ സഹോദരനെരക്ഷിക്കുകയില്ല. നീയൊരു പാപിയാണെന്ന് മനസ്സിലാക്കി മാനസാന്തരപ്പെടണം. യേശുവിൽ വിശ്വസിക്കണം**. പിന്നീടവിടെ ബൈബിൾ വാക്യങ്ങളുടെ ഒരു പ്രവാഹമായിരുന്നു. നിലാവത്തിറങ്ങിയ കോഴിപോലെ പൌലോസുകുട്ടി സ്തംഭിച്ചു നിന്നു.

ഏതായാലും പൌലോസുകുട്ടിയുടെ പെങ്ങളുടെ മകൻ ആ വീട്ടിലുണ്ടായിരുന്നത് ദൈവാനുഗ്രഹം തന്നെ സമയത്തിന് പള്ളിയിൽ പോകുകയും ക്രിസ്തീയ ഗ്രന്ഥങ്ങൾ വായിക്കുകയും ചെയ്യുന്ന ആ ചെറുപ്പക്കാരൻ മുമ്പോട്ടു വന്നു.

**ഒരു നിമിഷം പാസ്റ്ററേ, രക്ഷിക്കപ്പെടാൻ ഞാൻ എന്താണ് വിശ്വസിക്കേണ്ടത്?

പൂടപറിച്ച് ഡ്രസ്സു ചെയ്ത കോഴിയെപ്പോലിരിക്കുന്ന ഒരു മാന്യദേഹം വിജയഭാവത്തിൽ ആ യുവാവിനെനോക്കി. **നിങ്ങൾ ഒരു പാപിയാണെന്ന് ഏറ്റുപറഞ്ഞ് യേശുക്രിസ്തു നിങ്ങളുടെ പാപങ്ങൾക്കു വേണ്ടി മരിച്ചുവെന്ന് വിശ്വസിക്കുകയും ചെയ്യണം.**.

**എന്നാൽ കേട്ടോളൂ. അത്രയുമല്ല, യേശു കർത്താവ് മരിച്ച് ഉയിർത്തുവെന്നു ഞങ്ങൾ വിശ്വസിക്കുന്നുണ്ട്. സുറിയാനി യാക്കോബായക്കാരുടെ പ്രാർത്ഥനാപുസ്തകം കണ്ടിട്ടുണ്ടോ? ആ ചെറുപ്പക്കാരൻ പോയി പ്രാർത്ഥനാപുസ്തകം എടുത്തുകൊണ്ടു വന്നു. **മാന്യരേ കേൾക്കുക, ഞങ്ങൾ എന്നും പ്രാർത്ഥനയോടൊപ്പം ചൊല്ലുന്ന വിശ്വാസ പ്രമാണമാണ് ഇത്. ഒരു ഭാഗം വായിക്കുന്നു**. അയാൾ വായിച്ചു തുടങ്ങി. **......മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കും വേണ്ടി തിരുവിഷ്ടപ്രകാരം സ്വർഗ്ഗത്തിൽ നിന്നിറങ്ങി വിശുദ്ധ റൂഹായിൽ നിന്നും ദൈവമാതാവായ വി. കന്യക മറിയാമിൽ നിന്നു ശരീരിയായി തീർന്ന് മനുഷ്യനായി പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ ഞങ്ങൾക്കുവേണ്ടി കുരിശിൽ തറയ്ക്കപ്പെട്ട് കഷ്ടതയനുഭവിച്ച് മരിച്ച് അടക്കപ്പെട്ട് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ്.....

പാസ്റ്ററേ, ഇതു തന്നെയല്ലേ നിങ്ങൾ പുതുസഭകൾ സ്വന്തം കണ്ടുപിടുത്തമെന്ന നിലയിൽ സുവിശേഷമായി ലഘുലേഖകളിൽ എഴുതുന്നത്? അയാൾ അവരുടെ ലഘുലേഖയിലെ വേദഭാഗങ്ങൾ വായിച്ചു. അപ്പോ. 16:30–31, റോമർ 3:23, 6:23, 16:9, കൊരി 15:1–13.

പൌലോസുകുട്ടിയും മറിയക്കുഞ്ഞും സ്തംഭിച്ച് നിൽക്കുകയാണ്. പ്രിയ യാക്കോബായക്കാരാ, സുവിശേഷം നിന്റെ വിശ്വാസപ്രമാണത്തിലുണ്ട്. ആത്മാർത്ഥമായി അത് ഏറ്റുചൊല്ലുന്നു എല്ലാവരും രക്ഷിക്കപ്പെട്ടു. യേശു കർത്താവാണ്; അവിടുത്തെ മരണം ഒരു പാപപരിഹാര ബലിയാണെന്നു വ്യക്തമായി പ്രസ്താവിക്കുന്നതാണ്. നിന്റെ വിശ്വാസപ്രമാണം പിന്നെന്തിന് നീ മറ്റുള്ള സഭകൾ കയറിയിറങ്ങണം?

പ്രിയ വായനക്കാരേ,

ഈ ലക്കം മുതൽ ഒരു പുതിയ പംക്തി ആരംഭിക്കുകയാണ് ജോർജ്ജിയൻ വോയ്സിൽ. **കണ്ണുള്ളവർ കാണട്ടെ** എന്ന ഈ പംക്തി യാക്കോബായ വിശ്വാസികളുടെ കണ്ണുതെറ്റിക്കുന്ന പുത്തൻ സഭകൾ, പ്രവണതകൾ മുതലായവ നിങ്ങൾക്ക് തുറന്നു കാട്ടുന്നു. വായിക്കുകയും പ്രതികരിക്കുകയും ചെയ്യുമല്ലോ.




# നിങ്ങൾ ഒരു കഴുതയാണോ?

ഡോ. സിവി വി. പുലയത്ത് എം.ഡി.എസ്.



ഛേ! അനാവശ്യം പറയരുത്. ഒരു മടിയനും മണ്ടനുമായ മൃഗവുമായി എന്നെ താരതമ്യം ചെയ്യാൻ താങ്കൾക്കെങ്ങനെ ധൈര്യം വന്നു?

ഏലിയാസിന്റെ മുഖം ചുവന്നു വിറച്ചു. ഒരു നല്ല ജോലി തരപ്പെടുത്താനുള്ള ഇന്റർവ്യൂ മേശയിലാണ് താനിരിക്കുന്നത് എന്ന കാര്യം പോലും ഒരു നിമിഷം അവൻ മറന്നു.

**സുഹൃത്തേ, ഞാൻ ചോദ്യം ഒന്നുകൂടി ആവർത്തിക്കാം. (നല്ലവണ്ണം ചിന്തിച്ചു മറുപടി പറയുക) നിങ്ങൾ ഒരു കഴുതയാണോ? മനസ്സിനെതണുപ്പിക്കുന്ന നറുപുഞ്ചിരിയുമായി മാനേജിംഗ് ഡയറക്ടർ, ഏലിയാസിന്റെ കണ്ണുകളിലേക്ക് നോക്കി.

ആണോ? ഞാനൊരു കഴുതയാണോ? വാസ്തവത്തിൽ *മണ്ടനു മടിയനും* എന്ന വിശേഷണമാണോ കഴുതക്കു ചേരുന്നത്? തീർച്ചയായും അല്ല. കഴുത ഒരു കഠിനാധ്വാനിയും ശാന്തശീലനും ആണ്. ആ അർത്ഥത്തിൽ തന്റെ കഴിവുകളെ അളക്കുവാനാണോ ഇദ്ദേഹം ആ ചോദ്യം ചോദിച്ചത്.

**പണ്ടൊരു കഴുത ഉപ്പുചാക്കുമായി പോയപ്പോൾ വെള്ളത്തിൽ വീണു. അതോടെ ഉപ്പ് അലിഞ്ഞ് ഭാരം കുറഞ്ഞു. അടുത്ത തവണ കഴുത അറിഞ്ഞു കൊണ്ടു തന്നെ വെള്ളത്തിൽ വീണു. പക്ഷേ ഇത്തവണ ഉപ്പിനു പകരം പഞ്ഞിക്കെട്ടായിരുന്നു. അങ്ങനെ ചാക്കിന്റെ ഭാരം ഇരട്ടിയായി**. അമ്മാമ്മ കഴുതക്കു പറ്റിയ അമളിയുടെ കഥ പറഞ്ഞ് മുറുക്കി ചുവപ്പിച്ച പല്ലുകാട്ടി ചിരിച്ചു. ആ ഒരു കഥയല്ലേ പാവം കഴുതക്ക് ബുദ്ധിയില്ലാത്ത ജീവിയുടെ പരിവേഷം ചാർത്തി കൊടുത്തത്? ഏലിയാസ് ചിന്തിച്ചു.

**നിങ്ങളറിഞ്ഞോ യേശു നമ്മുടെ പട്ടണത്തിലേക്കു വരുന്നുവെന്ന്** യെരുശലേം നിവാസികളുടെ ഇടയിൽ ചർച്ചകൾക്കു ചൂടേറി. ദൈവത്തിന്റെ അവതാരമെന്നാണല്ലോ സ്വയം അവകാശപെടുന്നത്. ഏഴു കുതിരകളെ പൂട്ടിയ രഥത്തിലായിരിക്കും വരവ്. ഇല്ലെന്നേ സ്വർണ്ണപല്ലക്കിലായിരിക്കും എഴുന്നള്ളത്ത്.

പക്ഷേ, ഔന്നത്യത്തിന് എളിമയുടെ ഭാഷ്യം രചിച്ചു കൊണ്ട് യേശുനാഥൻ അന്നു വന്നത് ഈ കഴുതയുടെ പുറത്തല്ലേ? ഇത്രയും ഭാഗ്യം ചെയ്ത മറ്റേതു മൃഗമുണ്ട് നമ്മുടെ വിശ്വാസത്തിൽ വേറേ? ഏലിയാസിന്റെ മനസ്സിൽ ആശയക്കുഴപ്പം മുറുകി. **ഞാനൊരു കഴുതയാണോ?

# പ്രത്യാശ

**സാറാമ്മ തോമസ്**
ഇസ്രായേൽ കുടുംബയൂണിറ്റ്, കരിങ്ങാച്ചിറ



പ്രത്യാശയിൻ സങ്കേതമേ
അത്ഭുതത്തിൻ ഉറവിടമേ
എന്നേശു നാഥന്റെ കല്ലറ
പുനരുദ്ധാനത്തിൻ പ്രതീക്ഷയേ
കാൽവരി ക്രൂശിൽ നീയേറ്റതാം
പാടുകളെനിക്കായല്ലോ
ഒരു തിരിനാളമായണഞ്ഞു നീ
പാപിയാമെന്നെ വീണ്ടെടുക്കാൻ (പ്രത്യാശ)
ചെന്നിണം ചീന്തി നീയെന്നെ
വീണ്ടെടുത്തല്ലോ സ്നേഹത്താൽ
നിൻ കാന്തയായ വാണിടാനെന്നും
ആ ശാശ്വത ഗേഹം തന്നിൽ (പ്രത്യാശ)
വിശ്വസിക്കൂ നീ സോദരാ,
പ്രത്യാശവെക്കു ക്രൂശിങ്കൽ
തന്നാടുകളെ ചേർത്തിടുവാനായ്
യേശു വീണ്ടും വേഗം വന്നിടും (പ്രത്യാശ)

### അവതാരിക

മനോഹരമായ അനേകം ശവക്കല്ലറകൾ നമുക്ക് കാണുവാൻ സാധിക്കും. എന്നാൽ യേശുക്രിസ്തുവിന്റെ കല്ലറ മാത്രമാണ് തുറന്ന കല്ലറ. യേശു പുനരുത്ഥാനം ചെയ്തു ഈ ലോകത്തിലേക്ക് വരുമെന്നുള്ള പ്രതീക്ഷയാണ് ക്രിസ്ത്യാനികളായ നമുക്കുള്ളത്. ഈ പ്രത്യാശയാണ് കവിതയിലൂടെ ശ്രീമതി. സൂസമ്മ തോമസ് ഉദ്ധരിക്കുന്നത്. ഇവർ രചിച്ച് ഈണം നൽകി സ്വന്തമായി യൂണിറ്റിൽ പാടി എല്ലാവിധ പ്രശംസയും ഏറ്റുവാങ്ങിയതാണ്.

പ്രാർത്ഥനയോടെ,
സെക്രട്ടറി
ഇസ്രായേൽ ഫാമിലി യൂണിറ്റ്

വാർത്തകൾ

# തമുക്കുപെരുന്നാൾ

നമ്മുടെ കത്തീഡ്രലിലെ വലിയ പെരുന്നാളായ തമുക്ക് പെരുന്നാളിന്റെ ഒരുക്കങ്ങൾ ആരംഭിച്ചു. നാടിന്റെ നാനാഭാഗങ്ങളിൽ നിന്നും എത്തുന്ന വിശ്വാസികൾക്ക് തമുക്ക് ഒരുക്കുന്നതിനും, തമുക്ക് പായ്ക്കറ്റ് വാങ്ങിക്കുന്നതിനും ഉള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് ശ്രമങ്ങൾ ആരംഭിച്ചു.

## കുടുംബയൂണിറ്റ് സെക്രട്ടറിയുടെ യോഗം നടത്തപ്പെട്ടു

തമുക്ക് പെരുന്നാളിന്റെ ഒരുക്കങ്ങൾക്ക് ഇടവകാംഗങ്ങളുടെ പങ്കാളിത്തം ഉണ്ടാകേണ്ടതിന് കുടുംബയൂണിറ്റ് സെക്രട്ടറിമാരുടെ യോഗം കൂടുകയുണ്ടായി. ഡിസംബർ 1-ാം തീയതി വെളുപ്പിന് ആരംഭിക്കുന്ന തമുക്ക് പായ്ക്കറ്റ് നിർമ്മാണത്തിന് ഇടവകാംഗങ്ങളുടെ പരിശ്രമം ഉണ്ടായിരിക്കുന്നതാണ്.

## പ്രദക്ഷിണങ്ങൾക്ക് അച്ചടക്കം ഉറപ്പ് വരുത്തേണ്ടതാണ്.

തിരുവാങ്കുളം കുരിശ് പള്ളിയിലേക്കും, ചിത്രപ്പുഴ കുരിശ് പള്ളയിലേക്കും പോകുന്നപ്രദക്ഷിണങ്ങൾക്ക് പങ്കെടുക്കുന്ന വിശ്വാസികൾ വോളണ്ടിയേഴ്സിന്റേയും പോലീസ് അധികാരികളുടെയും നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. കരിമരുന്ന് പ്രയോഗങ്ങൾ പ്രദക്ഷിണത്തിന് പങ്കെടുക്കുന്ന വിശ്വാസികൾക്ക് അസ്വസ്ഥത ഉണ്ടാക്കരുത്. പൂർണ്ണ ഭക്തിയോടും, വിശ്വാസത്തോടും കൂടി പ്രദക്ഷിണത്തിന് പങ്കെടുക്കണമെന്ന് കത്തീഡ്രൽ വികാരിമാർ അറിയിച്ചു.

## കുടുംബയൂണിറ്റ് ഉണ്ടായിരിക്കുന്നതല്ല.

തമുക്ക് പെരുന്നാളിനോട് അനുബന്ധിച്ച് നവംബർ 30, ഡിസംബർ 1, 2, 3 തീയതികളിൽ കുടുംബയൂണിറ്റ് ഉണ്ടായിരിക്കുന്നതല്ല എന്ന് കത്തീഡ്രൽ വികാരിമാർ അറിയിച്ചു.

## കൊച്ചി ഭദ്രാസന ധ്യാനയോഗം നടത്തപ്പെട്ടു.

നമ്മുടെ കത്തീഡ്രലിൽ വച്ച് ഒക്ടോബർ മാസത്തെ ധ്യാനയോഗം 20-ാം തീയതി ശനിയാഴ്ച നടത്തപ്പെട്ടു. അഭി. സഖറിയാസ് മോർ പീലക്സിനോസ് മെത്രാപ്പോലീത്തയുടെ ആത്മീയ ധ്യാനം വിശ്വാസികൾക്ക് പ്രത്യാശയുടെ വെളിച്ചമേകുന്നതായിരുന്നു.

## കരോൾ ഡിസംബർ 15 – ാം തീയതി ആരംഭിക്കുന്നു


യൂത്ത് അസോസിയേഷന്റെ നേതൃത്വത്തിൽ കത്തീ ഡ്രലിൽ നിന്നും ഡിസംബർ 15-ാം തീയതി മുതൽ 23-ാം തീയതി വരെ നടത്തപ്പെടുന്നതാണ്.

## സാന്ദ്ര സ്മാരക വായനശാല ആരംഭിച്ചു

കക്കാട് സെന്റ് ജോർജ്ജ് സൺഡേസ്കൂളിൽ പരേതയായ വിദ്യാർത്ഥിനി മഠത്തിപ്പറമ്പിൽ സാന്ദ്രാസ ാബുവിന്റെഒ ന്നാംച രമവാർഷിക ത്തോടുനുബന്ധിച്ച് സ്മാരകമായി ഒരു റീഡിംഗ് റൂമും ഉദ്ഘാടനം ചെയ്യപ്പെട്ടു.

ബഹു. ജെയിംസ് മല്ലേപ്പിള്ളി, ഡീ. എബിൻ ബേബി, ഹെഡ്മാസ്റ്റർ അബ്രാഹം കെ. വി., ട്രസ്റ്റി പി. ഐ. ജോസഫ് തുടങ്ങിയവർ സന്നിഹിതരായിരുന്നു.

**23 – ാം ചരമവാർഷികം**
**15.11.2012**



**സി. വി. ജോർജ്ജ്**
**ചക്രവേലിൽ ഇരുമ്പനം**

*സന്തപ്തകുടുംബാംഗങ്ങൾ*

# പാവനസ്മരണയ്ക്ക്

## 3–ാം ചരമവാർഷികം (05.11.2012)



**അബ്രഹാം** (അവരാച്ചൻ)

**മുട്ടത്ത്**

*സന്തപ്തകുടുംബാംഗങ്ങൾ*

# തിരുത്ത്

**തമുക്ക് പെരുന്നാൾ കമ്മിറ്റി**

പള്ളിയകം വഴിപാട് പെട്ടി :

**ശ്രീ. ഐ. കെ. തോമസ്**

---

**മർത്തമറിയം വനിതാസമാജത്തിന്റെ ഭാരവാഹികൾ**



ട്രഷറർ:

**ശ്രീമതി സൂസി വർഗീസ്**



ജോ. സെക്രട്ടറി:

**ശ്രീമതി ലിലാ പീറ്റർ**

**തെറ്റുകൾ വന്നതിൽ ഖേദിക്കുന്നു**

# നിര്യാതനായി



കത്തീഡ്രലിൽ പൊതുയോഗ
അംഗമായിരുന്ന തിരുവാങ്കുളം മാലായിൽ
**ജോൺസൺ (52)** 21.10.2012 -ൽ
കർത്താവിൽ നിദ്രപ്രാപിച്ചു.
കത്തീഡ്രലിന്റെ ആദരാഞ്ജലികൾ



# ഒന്നാം പിറന്നാൾ

**15.11.2012**



## ബേസിൽ എൽദോസ്

**ചാലിക്കര, അമ്പലമേട്**

**രണ്ടാം സ്ഥാനം ലഭിച്ചു.**



കൊച്ചി ഭദ്രാസന സൺഡേസ്കൂൾ മത്സരത്തിൽ നമ്മുടെ സൺഡേസ്കൂൾ വിദ്യാർത്ഥിയായ വർഗീസ് ജോബിന് സബ് ജൂനിയർ സിംഗിൾ സോംങ് 2-ാം സ്ഥാനം ലഭിച്ചു.

**ഒൻപതാം ജന്മദിനാശംസകൾ**

**20.10.2012**



**ജോയൽ ജോസ്**

**ആലിങ്കൽ**

തമുക്ക് പെരുന്നാളിന്റെ പ്രധാന ശുശ്രൂഷകൾ ഇന്റർനെറ്റിൽ തത്സമയ സംപ്രേക്ഷണം ഉണ്ടായിരിക്കുന്നതാണ്.

www.stgeorgecathedral.in

# വിജ്ഞാനകൗതുകം

**ടി.വി. പൗലോസ്, തൊമ്മൻകുടിയിൽ**

1. **ഞാൻ കുറ്റമില്ലാത്ത രക്തത്തെ കാണിച്ചുകൊടുത്തതിനാൽ പാപം ചെയ്തു** ഇപ്രകാരം വിലപിച്ചത് ആര്?
   എ) പീലാത്തോസ് ബി) ഈസ്ക്കോര്യോത്ത് യൂദ സി) കയ്യാഫാവ്
2. എത്യോപ്യാക്കാരനായ ഷണ്ഡൻ രഥത്തിലിരുന്ന് ഏത് പ്രവാചകന്റെ പുസ്തകമാണ് വായിച്ചുകൊണ്ടിരുന്നത്?
   എ) യെശയ്യാവ് ബി) യിരമ്യാവ് സി) ദാനിയേൽ
3. എത്രവർഷം രോഗം ബാധിച്ചു കിടന്ന തളർവാതരോഗിയെയാണ് കർത്താവ് ബെത്ത്സൈദയിലെ കുളത്തിനരികത്തു വച്ച് സൗഖ്യപ്പെടുത്തിയത്?
   എ) 18 ബി) 28 സി) 38
4. ത്രോണോസിൽ കുരിശിന്റെ നേരെ മുന്നിലായിട്ട് വെയ്ക്കുന്ന മെഴുകുതിരി ആരെ സൂചിപ്പിക്കുന്നു?
   എ) യേശുക്രിസ്തു ബി) മൽക്കിസദേക്ക് സി) സ്നാപകയോഹന്നാൻ
5. **കർത്താവിന്റെ സന്നിധിയിൽ താഴുവിൻ അവൻ നിങ്ങളെ ഉയർത്തും** ആരാണ് നമുക്ക് ഈ ഉപദേശം നൽകുന്നത്?
   എ) യാക്കോബ് ശ്ലീഹ ബി) യോഹന്നാൻ ശ്ലീഹാ സി) പത്രോസ് ശ്ലീഹ
6. *അപ്പോക്രീഫ* എന്ന പദത്തിന്റെ അർത്ഥമെന്ത്?
   എ) പരിശുദ്ധമായത് ബി) ഗൂഢമായിരിക്കുന്നത് സി) അംഗീകരിക്കപ്പെട്ടത്
7. തൂബിത് ഏത് ഗോത്രക്കാരനായിരുന്നു?
   എ) രൂബേൻ ബി) യെഹൂദ സി) നഫ്താലി
8. വി. സ്ലീബായിന്മേൽ ഇടുന്ന നീളമുള്ള വീതികുറഞ്ഞ ഒരു തുണി ഏത് പേരിലാണ് അറിയപ്പെടുന്നത്?
   എ) കബലാന ബി) ഊറാറ സി) ചിത്തോൽ
9. പരിച്ഛേദനയല്ല, അഗ്രചർമ്മവുമല്ല — അത്രേ കാര്യം
   എ) വിശ്വാസം ബി) പുതിയ സൃഷ്ടി സി) നിത്യജീവൻ

**ഒക്ടോബർ മാസത്തെ ശരിയുത്തരങ്ങൾ: 1 (ബി) 2 (എ) 3 (സി) 4 (എ) 5 (സി) 6 (എ) 7 (ബി) 8 (സി) 9 (സി)**
**ശരി ഉത്തരം തന്നവരുടെ പേരുകൾ യൂത്ത് അസോസിയേഷന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും.**

*ഇവിടെ മുറിക്കുക*

| | | | |
|---|---|---|---|
| 1. | A ☐ | B ☐ | C ☐ |
| 2. | A ☐ | B ☐ | C ☐ |
| 3. | A ☐ | B ☐ | C ☐ |
| 4. | A ☐ | B ☐ | C ☐ |
| 5. | A ☐ | B ☐ | C ☐ |
| 6. | A ☐ | B ☐ | C ☐ |
| 7. | A ☐ | B ☐ | C ☐ |
| 8. | A ☐ | B ☐ | C ☐ |
| 9. | A ☐ | B ☐ | C ☐ |

ശരിയുത്തരം ടേബിളിൽ ടിക്ക് ചെയ്യുക. വിലാസം പൂരിപ്പിച്ച് കൂപ്പണുകൾ പള്ളിയിലെ ജോർജ്ജിയൻ വോയ്സ് ലെറ്റർ ബോക്സിൽ നിക്ഷേപിക്കുക. ശരിയുത്തരം ഒന്നിൽ കൂടുതൽ ഉണ്ടെങ്കിൽ നറുക്കെടുത്ത് സമ്മാനം നൽകുന്നതാണ്. ഉത്തര കൂപ്പണുകൾ നിക്ഷേപിക്കേണ്ട അവസാന തീയതി 30.11.2012

പേര് ..................................................

വിലാസം ..................................................

..................................................

..................................................

ഫോൺ ..................................................

കുടുംബയൂണീറ്റ് ..................................................

# MERCY SPA

## (For Ladies & Kids)

**Beauty Care with A Difference**
**TTRA-118; JAWAHAR NAGAR ROAD,**
**Opp: Kavaleeswaram Road, Thiruvamkulam**

**ഞങ്ങളുടെ പ്രത്യേകതകൾ:–**

- നഗരത്തിന്റെ തിരക്കിൽ നിന്നും മാറി, മരങ്ങളുടെ ശീതളച്ഛായയിൽ ഈ സ്ഥാപനം ഒരുക്കിയിരിയ്ക്കുന്നു.
- വിട്ടമ്മമാരുടേയും, ഉദ്യോഗസ്ഥകളുടേയും സൗകര്യാർത്ഥം പ്രവൃത്തി സമയം ഉച്ചയ്ക്ക് 1 മണി മുതൽ രാത്രി 8 മണി വരെയാണ്.
- സുരക്ഷിതമായ കാർ പാർക്കിംഗ്

ഞങ്ങൾ നൽകുന്ന സേവനങ്ങൾ

Vacuum Sprayer, Galvanic, Ultrasonic, Supersonic,
Leg Massager, Back Massager, Ultra violet, Sterilizer :
തുടങ്ങിയ ഉപകരണങ്ങൾ ഇവിടെ ഒരുക്കിയിട്ടുണ്ട്.

**MERCY KURIAKOSE**
Beauty Therapist
Palathinkal House
Ph: 0484 2786539, 9947319993, 9744678214


Chief Editor: Varghese Raju Mob: 8547903252, Printed & Published by : Shiju P.K. Mob: 9895087333
for Youth Association, St. George Jacobite Syrian Cathedral, Karingachira, Irimpanam P.O., Ph: 0484 2777877
E-mail: georgianvoice@stgeorgecathedral.in
Printed at: Color World Offset Printers, Vettikulam, Mulanthuruthy. Ph: 94475 74356